15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315 **30-09-2025 - ൽ മറുപടിയ്ക്ക്**

മൊഗ്രാൽ ഗവ. യുനാനി ആശുപത്രി

ചോദ്യം		ഉത്തരം	
ശ്രീ. എ. കെ. എം. അഷ്റഫ്		**ശ്രീമതി വീണാ ജോർജ്ജ്** **(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)**	
(എ)	കാസർകോട് ജില്ലയിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിയിൽ നിന്നും നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;	(എ)	കാസർകോട് ജില്ലയിലെ മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറിയിൽ ഒ.പി. ചികിത്സ, ലാബ് സൗകര്യങ്ങൾ, തെറാപ്പി യൂണിറ്റ് (ഫീമെയിൽ & മെയിൽ), ഫിസിയോ തെറാപ്പി യൂണിറ്റ്, മൈനർ ഓപ്പറേഷൻ തീയേറ്റർ, ഹിജാമ ചികിത്സാ, റെജിമെന്റൽ തെറാപ്പി (ഇലാജ് ബിൽ തദ്ബീർ) എന്നീ സേവനങ്ങൾ നിലവിൽ നൽകി വരുന്നു.
(ബി)	പ്രസ്തുത ആശുപത്രിയിൽ ശരാശരി പ്രതിദിന ഔട്ട് പേഷ്യന്റ് എത്രയാണെന്ന് വ്യക്തമാക്കാമോ;	(ബി)	പ്രസ്തുത ഡിസ്പെൻസറിയിലെ ശരാശരി പ്രതിദിന ഔട്ട് പേഷ്യന്റ് 95 ആണ്.
(സി)	പ്രസ്തുത ആശുപത്രിയെ കിടത്തി ചികിത്സ നൽകുന്ന ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?	(സി)	മൊഗ്രാൽ സർക്കാർ യുനാനി ഡിസ്പെൻസറി 10 ബെഡ് ആശുപത്രിയായി ഉയർത്തുന്നതിനു വേണ്ടി കുമ്പള ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതി തീരുമാനം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശാനുസരണം കാസർഗോഡ് ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാപനം സന്ദർശിച്ച് റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കിച്ചൻ ഉൾപ്പടെയുള്ള സൗകര്യങ്ങളോടുകൂടി നിർമ്മിച്ച രണ്ട് നില കെട്ടിടത്തിന്റെ ഉത്ഘാടനം 12.08.2022 ൽ നിർവ്വഹിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിൽ നിലവിൽ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത തെറാപ്പി യൂണിറ്റുകൾക്കായി നിലവിൽ ഡിസ്പെൻസറിയുടെ ഒ.പി. പ്രവർത്തിക്കുന്ന പഴയ കെട്ടിടത്തിന്റെ മുകളിൽ ഒരുനില കൂടി കെട്ടിട സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ കൂടി പൂർത്തിയാക്കേണ്ടതുണ്ടെന്നും പ്രസ്തുത സൗകര്യം ലഭ്യമായ ശേഷം മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറിയെ 10 ബെഡ് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപോസൽ സർക്കാരിലേക്ക്

			സമർപ്പിക്കുന്നതാണെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ